കണ്ടൽ മരങ്ങൾ

18 (*738) ശ്രീ. തോമസ് ചാണ്ടി :

ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശമേഖലയിൽ കാണുന്ന കണ്ടൽക്കാടുകൾ നശിച്ചു തുടങ്ങിയകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കായൽ കയ്യേറ്റവും നിർമ്മാണപ്രവർത്തനങ്ങളുമാണ് കണ്ടൽ കാടുകളുടെ നാശത്തിന് കാരണമെന്ന് മനസ്സിലാക്കി ഇതിന് പരിഹാരം കാണാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കണ്ടൽ വച്ചുപിടിപ്പിക്കുന്നവർക്ക് ഒരു മരത്തിന് അഞ്ചുരൂപ വീതം നൽകിയിരുന്ന കാര്യം പരിഗണിച്ച് ഈ പദ്ധതി തുടർന്നും നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) കണ്ടൽ വനങ്ങളുടെ പാരിസ്ഥിതികവും ജൈവപരവുമായ പ്രധാന്യവും അവ പരിസ്ഥിതിക്ക് നൽകുന്ന സേവനങ്ങളും കണക്കിലെടുത്ത് 2010-ൽ കണ്ടലുകൾ പരിരക്ഷിക്കുന്നതിനായി സംസ്ഥാന വനം വന്യജീവി വകുപ്പ് ഒരു പദ്ധതി നടപ്പിലാക്കുകയും ആയതിന് സംസ്ഥാന സർക്കാർ 2010-11 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകുകയും ആയതിന്റെ ഭാഗമായി തുടർന്നുള്ള വർഷങ്ങളിൽ സ്വകാര്യ സ്ഥലങ്ങളിലെ കണ്ടലുകൾ സംരക്ഷിക്കുന്നതിലേക്കായി സർക്കാരിന്റെ നിലവിലുള്ള ജി.ഒ. (ആർ.റ്റി) നമ്പർ. 354/2013/വനം തീയതി 12-9-2013) പ്രകാരമുള്ള മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിനുള്ള പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിലേക്ക് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക, കണ്ടൽ പുനരുല്പാദനത്തിന് ധനസഹായം നൽകുക, പദ്ധതിക്കുവേണ്ട പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുക, കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനുവേണ്ട കണ്ടൽ ഇടമകൾക്ക് നിലവിലുള്ള സർക്കാർ ഉത്തരവിലെ മാർഗ്ഗരേഖകളുടെ അടിസ്ഥാനത്തിൽ ഒരേക്കറിന് 4,000 രൂപ പാരിതോഷികമായി നൽകുക തുടങ്ങിയ പ്രധാന പ്രവർത്തനങ്ങൾ വനം വകുപ്പ് നടത്തിവരുന്നുണ്ട്. കൂടാതെ കേരള ഫോറസ്റ്റ് ആക്ട് 1961-ലെ വകുപ്പ് 4 പ്രകാരം കണ്ണൂർ, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിലായി 263.5657 ഹെക്ടർ കണ്ടൽ മേഖല റിസർവ്വ് ഫോറസ്റ്റായി പ്രഖ്യാപിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ട്. കൂടാതെ കണ്ടൽക്കാടുകളെ സംബന്ധിച്ച് 5-12-2005-ലെ ദേശീയ കമ്മിറ്റിയുടെ തീരുമാനമനുസരിച്ച് വേമ്പനാട്, കണ്ണൂർ

LIBRARY ARCHIVES Kerala Legislative Assembly

എന്നീ മേഖലകളിലെ കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനും പുനരുജ്ജീവന ത്തിനും വേണ്ടിയുള്ള ഒരു പദ്ധതിയും കേന്ദ്ര സർക്കാർ അംഗീകാരത്തോടെ വനം വകുപ്പ് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

(സി) കണ്ടൽ വച്ചുപിടിപ്പിക്കുവാൻ താല്പര്യമുള്ള സ്വകാര്യ കണ്ടൽ ഉടമകൾക്ക്, കണ്ടൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിലേക്ക് വനം വകുപ്പിന്റെ കണ്ടൽക്കാടുകളുടെ സംരക്ഷണ പദ്ധതിയിലൂടെ ഏക്കറിന് 4,000 രൂപ സാമ്പത്തിക സഹായം, സർക്കാരിന്റെ നിലവിലുള്ള മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നൽകിയിരുന്നത്. ഈ സർക്കാരിന്റെ കാലത്തും നൽകിവരുന്നുണ്ട്.

സർവ്വീസ് ചട്ടങ്ങളുടെ പരിഷ്കരണം

19 (*739) ശ്രീ. കെ. മുരളീധരൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഉദ്യോഗസ്ഥരുടെ സർവ്വീസ് ചട്ടങ്ങൾ പരിഷ്കരിക്കാനു ദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) ഏതെല്ലാം സർവ്വീസ് ചട്ടങ്ങളാണ് പരിഷ്കരണത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ജനങ്ങൾക്ക് വേണ്ടിയുള്ള വിവിധ തരത്തിലുള്ള അവകാശ നിയമങ്ങൾ കൂടി സർവ്വീസ് ചട്ടങ്ങളുടെ പരിഷ്കരണത്തിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) ഭരണപരമായ സൗകര്യവും പൊതുതാൽപ്പര്യവും മുൻനിർത്തി സർവ്വീസ് ചട്ടങ്ങൾ ഭേദഗതി ചെയ്ത് കാലാകാലങ്ങളിൽ പരിഷ്കരിച്ചുവരുന്നു.

(ബി) താഴെ പറയുന്ന സർവ്വീസ് ചട്ടങ്ങളാണ് പരിഷ്കരണത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത് :

1. കേരള സർവ്വീസ് റൂൾസ് ഭാഗം-I ചട്ടം 28 A
2. കേരള സർവ്വീസ് റൂൾസ് ഭാഗം-I ചട്ടം 60
3. കേരള സർവ്വീസ് റൂൾസ് ഭാഗം-I അനുബന്ധം II
4. കേരള സർവ്വീസ് റൂൾസ് ഭാഗം-III ചട്ടം 31

LIBRARY ARCHIVES Kerala Legislative Assembly